പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നിയമസഭാചോദ്യം നം. 2125 07-07-2015- ൽ മറുപടിയ്ക്ക്

## കാരുണ്യാ ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി.ജോർജ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യാ ഫണ്ടിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഓരോ വർഷവും എത്ര വീതമെന്ന് വിശദമാക്കുമോ; | എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും 2015 മെയ് വരെ 746.76 കോടിരൂപ അനുവദിച്ചതിൽ 583.97 കോടിരൂപ വിതരണം ചെയ്തിട്ടുണ്ട്. ഓരോ വർഷവും ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - A ആയി ചേർക്കുന്നു. |
| ബി) | ഇതിൽ ഓരോ ജില്ലയിലും ചെലവഴിച്ച തുകയെത്ര; വിശദമാക്കുമോ; | ബി) | ആകെ വിതരണം ചെയ്ത 583.97 കോടി രൂപയുടെ ജില്ലാ തലത്തിലുള്ള വിശദാംശങ്ങളുടെ കണക്കെടുത്തിട്ടില്ല. ജില്ലാ തലത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-B ആയി ചേർക്കുന്നു. |
| സി) | ഓരോ നിയോജക മണ്ഡലത്തിലും ചെലവഴിച്ച തുക എത്ര വീതമെന്ന് വിശദമാക്കുമോ? | സി) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്